ഭരണഭാഷ - മാതൃഭാഷ

സി4-67272/15

കളക്ടറേറ്റ്, എറണാകുളം,
തീയതി:25.06.2018.

മൂവാറ്റുപുഴ താലൂക്ക് രാമമംഗലം, മണീട് വില്ലേജുകളിൽ ഉൾപ്പെടുന്ന കീഴ്മുറിക്കടവ് പാലം അപ്രോച്ച് റോഡിന്റെ പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട്റിച്ച് സമർപ്പിച്ച SIA റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.

മൂവാറ്റുപുഴയാറിനു കുറുകെ മൂവാറ്റുപുഴ താലൂക്കിലെ രാമമംഗലം, മണീട് വില്ലേജുകളെ ബന്ധിപ്പിക്കുന്ന കീഴ്മുറിക്കടവ് പാലം നിർമ്മാണത്തിനും, അപ്രോച്ച് റോഡ് നിർമ്മാണത്തിനുമായി രാമമംഗലം വില്ലേജിലെ 748/10, 749/1, 749/4 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 85 സെന്റ് സ്ഥലവും, മണീട് വില്ലേജിൽപ്പെട്ട 83/7, 83/8, 83/9 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 60 സെന്റ് സ്ഥലവും RFCTLARR act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 1.10.15 ൽ അർത്ഥനയും, അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടറുടെ 20.11.15 ലെ സി4-67272/15 നമ്പർ നടപടിക്രമ പ്രകാരം സ്പെഷ്യൽ തഹസിൽദാർ(എൽ.എ), എം.വി.ഐ.പി കൂത്താട്ടുകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. ഇതിനു ശേഷം എൽ.എ.ആർ.ആർ.ആക്ട് 2013 പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട്റിച്ചിനെ തിരഞ്ഞെടുത്തിട്ടുള്ളതും സ്ഥലപരിശോധന നടത്തി 2,00,000/- (രണ്ട് ലക്ഷം രൂപ ) ചിലവ് കണക്കാക്കി 23.9.17-)0 തീയതി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും ആയത് 7.9.17 ൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്.

എൽ.എ.ആർ.ആർ.ആക്ട് പ്രകാരം ചട്ടം 2(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ തയ്യാറാക്കി ആയത് 13.11.17-)0 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. രണ്ടുമാസത്തിനുള്ളിലും, ആറുമാസത്തിൽ കവിയാതെയും SIA പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കൂടാതെ സെക്ഷൻ 4(2) പ്രകാരമുള്ള സ്ഥലതച്ചും, ഗസറ്റിലും

ഔദ്യോഗിക വെബ്സൈറ്റിലും പ്രസ്തുത നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

ഫീൽഡിൽ പരിശോധന നടത്തി SIA റിപ്പോർട്ട് തയ്യാറാക്കി ഡ്രാഫ്റ്റ് റിപ്പോർട്ട്, ഫൈനൽ റിപ്പോർട്ട് എന്നിവ യഥാക്രമം 03.03.2018, 14.5.18 തീയതികളിൽ രാജഗിരി ഒട്ട്റീച്ച് സമർപ്പിച്ചിട്ടുള്ളതാണ്. SIA പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രദേശം കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലമാണെങ്കിലും മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭിക്കുന്നത് വഴി കർഷകരുടെ വാർഷിക ഉൽപാദനവും ആദായവും വർദ്ധിക്കും എന്നതിനാൽ ടി പദ്ധതി സാങ്കേതികപരമായി ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

ഇു സംബന്ധിച്ച് 11.6.18-)0 തീയതി വൈകിട്ട് 3 മണിക്ക് വിദഗ്ദ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ Expert കമ്മിറ്റി മീറ്റിങ്ങിൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുത പ്രോജക്ട് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും , ടി തീരുമാനം കമ്മിറ്റിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ദ്ധ സമിതി ചെയർമാൻ &
ഡെപ്യൂട്ടി കളക്ടർ(എൽ.എ),
കളക്ടറേറ്റ്, എറണാകുളം.